# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2579 01.04.2013-ൽ മറുപടിക്ക്

## പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുവാൻ തീരുമാനം

ചോദ്യം

**ശ്രീ. കെ. രാജു.**

ഉത്തരം

**ശ്രീ. എ.പി. അനിൽകുമാർ**
**(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പട്ടികജാതിക്കാരുടെ വായ്പകൾ എഴുതി തള്ളുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) & (ബി) & (സി) | സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും, 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ വായ്പകളുടെ പലിശയും പിഴപ്പലിശയും ഉൾപ്പെടെ 25,000/-രൂപ വരെയുള്ളത് എഴുതിതള്ളുന്നതിന് 12.11.2009 ലെ സ.ഉ(അച്ചടി) 100/09/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. 28/3/2012 ലെ സ.ഉ (സാധാ) 561/2012/പജപവവിവ നമ്പർ സർക്കാർ ഉത്തരവിലൂടെ പ്രസ്തുത പദ്ധതിയുടെ കാലാവധി 30.06.2012 വരെ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. തുടർന്ന് 06.07.2012 ലെ സ.ഉ.(കൈ) 101/2012/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ടി പദ്ധതിയുടെ കാലാവധി 31.12.2012 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു. 26.03.2013 ലെ സ.ഉ. (എം.എസ്) 28/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ ടി വായ്പ എഴുതി തള്ളൽ പദ്ധതിയുടെ കാലാവധി 30.06.2013 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. |
| (ബി) | ഏത് കാലയളവുമുതൽ ഉള്ള എത്ര രൂപവരെയുള്ള വായ്പകളാണ് എഴുതി തള്ളുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | എവിടെ നിന്നെല്ലാം എടുത്തിട്ടുള്ള വായ്പകളാണ് എഴുതി തള്ളുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ആഫീസർ